# AMCSFNCK – Admission to M.Sc / Post Basic B.Sc / B.Sc Nursing Course 2017-18

## എം.എസ്.സി. / പോസ്റ്റ് ബേസിക്ക് ബി.എസ്.സി. / ബി.എസ്.സി. നഴ്സിംഗ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

അസ്സോസിയേഷനിൽ അംഗങ്ങളായ 32 ക്രൈസ്തവ നഴ്സിംഗ് കോളെജുകളിൽ, എം.എസ്.സി. / പോസ്റ്റ് ബേസിക്ക് ബി.എസ്.സി. / ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 2017-18 വർഷത്തിലേക്ക് 50 ശതമാനം സീറ്റുകളിൽ, എൻ.ആർ.ഐ. വിഭാഗം ഒഴികെയുള്ള സീറ്റുകളിലേക്ക് ഏകജാലക സംവിധാനത്തിലുള്ള പ്രവേശനത്തിനായി വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

## ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

1. അസോസിയേഷന്റെ വെബ്സൈറ്റിലെ (www.amcsfnck.com) അഡ്മിഷൻ ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം വിദ്യാർഥിയുടെ സ്വന്തം ഇ–മെയിൽ വിലാസവും ജനന തീയതിയും ഫോൺ നമ്പറും ഉപയോഗിച്ച് ആദ്യം രജിസ്റ്റർ ചെയ്യണം.

2. രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിലും ഇ–മെയിൽ വിലാസത്തിലും നിങ്ങൾക്ക് ലോഗ്–ഇൻ ചെയ്യാനുള്ള യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉടനെ അയച്ചുതരും. അവ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

3. നിങ്ങളുടെ ഫോൺ നമ്പറിലോ അല്ലെങ്കിൽ ഇ–മെയിൽ വിലാസത്തിലോ ലഭിക്കുന്ന യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്ത്, ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുക.

4. ഓൺലൈൻ അപേക്ഷയിലെ എല്ലാ വിവരങ്ങളും കൃത്യമായി പൂരിപ്പിച്ചതിനു ശേഷം മാത്രമേ ഏറ്റവും അവസാനത്തിലുള്ള Submit ബട്ടൺ ഉപയോഗിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവൂ. Submit ബട്ടൺ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീട് അപേക്ഷാർഥിക്ക് അപേക്ഷയിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കുകയില്ല എന്ന് പ്രത്യേകം ഓർമിക്കുക.

5. ഓൺലൈനായി അപേക്ഷ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷ PDF File ആയി പൂർണ്ണ രൂപത്തിൽ കാണുവാൻ കഴിയും, ആ പേജിന്റെ പ്രിന്റ് എടുക്കുകയും ചെയ്യാം. അപേക്ഷകന്റെ emailൽ ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷ വീണ്ടും കാണാവുന്നതാണ്.

6. അപേക്ഷയുടെ പ്രിന്റ്–ഔട്ട് അപേക്ഷകൻ ഒപ്പിട്ട ശേഷം പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകളുടെയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികളോടു കൂടെ അസ്സോസിയേഷൻ ഓഫീസിൽ **(AMCSFNCK, City Centre Building, Near Lisie Hosptal, Behind SIB, St. Augustine School Road, Kochi 682018)** സമർപ്പിക്കേണ്ട താണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി (21.06.2017)ക്കുമുമ്പ് അസോസിയേഷൻ ഓഫീസിൽ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ റാങ്ക്ലിസ്റ്റിനായി പരിഗണിക്കുകയുള്ളൂ.

7. പ്രവേശന നടപടിക്രമങ്ങളിൽ ഉപയോഗിക്കുന്നതിന് നിങ്ങളുടെ യൂസർ ഐ.ഡി. യും പാസ്‌വേർഡും തുടർന്നും സുരക്ഷിതമായി സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

8. അസോസിയേഷന്റെ കീഴിലുള്ള എല്ലാ കോളെജുകളിലേക്കും മാനേജ്മെന്റ് കാറ്റഗറി പ്രവേശനത്തിന് ഒരൊറ്റ അപേക്ഷ മാത്രം നൽകിയാൽ മതി.

## ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ആവശ്യമുള്ള കാര്യങ്ങൾ

1. ആക്ടീവായ ഒരു ഇ–മെയിൽ വിലാസവും മൊബൈൽ ഫോൺ നമ്പറും.
2. പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുന്നതു പോലെയുള്ള പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സ്കാൻ ചെയ്ത കോപ്പി. (ഏതെങ്കിലും കാരണത്താൽ ഫോട്ടോ അപ്–ലോഡ് ചെയ്യാൻ സാധിക്കാതിരുന്നാൽ, പൂരിപ്പിച്ച അപേക്ഷയുടെ പ്രിന്റ്–ഔട്ടിൽ പാസ്പോർട്ട് സൈസ് ഫോട്ടോ നിർബന്ധമായും പതിക്കേണ്ടതാണ്).
3. **അപേക്ഷാ ഫീസ്:** എം.എസ്.സി. നഴ്സിംഗിന് 1,000/– രൂപയും ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 600/– രൂപയുമാണ് അപേക്ഷാഫീസ്.
4. അപേക്ഷാഫീസ് സൗത്ത് ഇന്ത്യൻ ബാങ്കിലടക്കാവുന്ന ചലാൻ വഴിയോ, അസോസിയേഷന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ (ഡി.ഡി.) അടയ്ക്കാവുന്നതാണ്.

   a. സൗത്ത് ഇന്ത്യൻ ബാങ്കു വഴി അപേക്ഷാഫീസ് അടയ്ക്കുന്നതിന് വെബ്സൈറ്റിൽ ലോഗ്–ഇൻ ചെയ്ത് വിദ്യാർത്ഥിയുടെ പേരും മറ്റ് വിവരങ്ങളും പൂരിപ്പിച്ച ശേഷം ചലാന്റെ പ്രിന്റ്–ഔട്ട് എടുക്കുക. ഈ ചലാനുപയോഗിച്ച് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കുക. തുടർന്ന് ഓൺലൈൻ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ഭാഗത്ത് അപേക്ഷാഫീസ് അടച്ച ശാഖയുടെ സ്ഥലവും തീയതിയും പൂരിപ്പിക്കുക. പിന്നീട്, അപേക്ഷയുടെ പ്രിന്റ്–ഔട്ട് സമർപ്പിക്കുമ്പോൾ, ചലാന്റെ അസോസിയേഷൻ കോപ്പിഭാഗം, അതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

   b. ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.) വഴി അപേക്ഷാഫീസ് അടക്കുന്നവർ AMCSFNCKയുടെ പേരിൽ Ernakulam-ത്ത് മാറാവുന്ന ഡി.ഡി. ഏതെങ്കിലും ബാങ്കിൽ നിന്ന് എടുക്കേണ്ടതാണ്. ഡി.ഡി.–യുടെ വിശദാംശങ്ങൾ ഓൺലൈനായി തന്നെ രേഖപ്പെടുത്തേണ്ടതും, പൂരിപ്പിച്ച അപേക്ഷയുടെ പ്രിന്റ്–ഔട്ടിനൊപ്പം ഒറിജിനൽ ഡി.ഡി. സമർപ്പിക്കേണ്ടതുമാണ്.

5. ഓൺലൈനായി രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ (ഉദാ: യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ, മാർക്ക് ഷീറ്റുകൾ, മുതലായ രേഖകൾ) പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകളുടേയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികൾ അപേക്ഷയുടെ പ്രിന്റ്–ഔട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**ഓപ്ഷൻ രജിസ്ട്രേഷൻ** – ഓരോ അപേക്ഷകനും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളെജുകൾ മുൻഗണനാ ക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരം അപേക്ഷകരുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ഓൺലൈനിൽ തന്നെയാണ് ലഭിക്കുക.

1. പ്രോസ്പെക്ടസിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമപ്രകാരം, **2017 ജൂലൈ 05–നും 11–നും** ഇടയിലാണ് അപേക്ഷകർ തങ്ങളുടെ ഓപ്ഷനുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. ഇതിനായി വ്യക്തിപരമായ അറിയിപ്പുകളൊന്നും ലഭിക്കുന്നതല്ല. അപേക്ഷകർ ഈ ദിവസങ്ങളിൽ വെബ്സൈറ്റ് സന്ദർശിക്കണമെന്നും, വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ രേഖപ്പെടുത്തേണ്ടതുമാണ്.
2. ഓരോ അപേക്ഷകനും രജിസ്ട്രേഷൻ സമയത്ത് ലഭിച്ചിരിക്കുന്ന അതേ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്താണ് അവർക്ക് താത്പര്യമുള്ള ഓപ്ഷൻ രേഖപ്പെടുത്തേണ്ടത്.
3. ഓരോ അപേക്ഷകനും താത്പര്യമുള്ള കോളെജുകളിലേക്കു മാത്രം (ആവശ്യക്കാർക്ക് എല്ലാ കോളേജിലക്കും ഓപ്ഷൻ നല്കാനുള്ള സാധ്യതയുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്. ഒരിക്കൽ ഓൺലൈനായി submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

## വാർഷിക ഫീസ് ഘടന

- **ബി.എസ്.സി. നഴ്സിംഗ് / പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്:**
  55,000 രൂപ ട്യൂഷ്യൻ ഫീസും 15,000 രൂപ സ്പെഷൽ ഫീസും
- **എം.എസ്.സി. നഴ്സിംഗ്:**
  1,00,000 രൂപ ട്യൂഷ്യൻ ഫീസും 50,000 രൂപ സ്പെഷൽ ഫീസും

**ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ പ്രിന്റ്–ഔട്ട് അപേക്ഷകൻ ഒപ്പിട്ട ശേഷം പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന ഡോക്യുമെന്റുകളുടെയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികളോടു കൂടെ അസ്സോസിയേഷൻ ഓഫീസിൽ (AMCSFNCK, City Centre Building, Near Lisie Hosptal, Behind SIB, St. Augustine School Rd., Kochi-682018) അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതിക്കു മുമ്പ് ലഭിക്കത്തക്ക വിധത്തിൽ സമർപ്പിക്കേണ്ടതാണ്.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയതി:**
**2017 ജൂൺ 21 (ബുധൻ)**

**കൂടുതൽ വിവരങ്ങൾക്ക് www.amcsfnck.com** സന്ദർശിക്കുക